ഒരു ആരോഹണക്രമത്തിലാണു ആവിഷ്ക്കരിച്ചിരിക്കുന്നത്. അവ താഴെ ചേർക്കുന്നു:—

| കെട്ടിടങ്ങളുടെ മൂല്യം | നികുതിനിരക്ക് കെട്ടിടത്തിന്റെ മൂല്യത്തിന്റെ ശതമാനത്തിൽ |
|---|---|
| 1. മൂല്യം 10,000 രൂപയോ അതിൽ കുറവോ ആയാൽ | ഇല്ല |
| 2. കെട്ടിടത്തിന്റെ മൂല്യം 10,000 രൂപയിൽ കൂടിയാൽ:— | |
| (എ) കൂടുതൽ തുകയിലെ ആദ്യത്തെ 10,000 രൂപയ്ക്ക് | 1 |
| (ബി) കൂടുതൽ തുകയിലെ അടുത്ത 10,000 രൂപയ്ക്ക് | 2 |
| (സി) കൂടുതൽ തുകയിലെ അടുത്ത 20,000 രൂപയ്ക്ക് | 3.5 |
| (ഡി) കൂടുതൽ തുകയിലെ അടുത്ത 50,000 രൂപയ്ക്ക് | 8 |
| (ഇ) കൂടുതൽ തുകയിലെ ബാക്കിക്ക് | 20 |

മേൽപ്പറഞ്ഞ നിരക്കിലുള്ള നികുതി ഒന്നിച്ചോ ദ്വൈമാസികതവണകളായോ കെട്ടിടങ്ങൾ പണിഞ്ഞു കഴിഞ്ഞാലുടൻ വസൂലാക്കപ്പെടുന്നതാണ്. ഡിമാൻറ് നോട്ടീസിൽ അനുവദിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ നികുതി ഒന്നിച്ച് അടച്ചു തീർക്കുന്നവർക്ക്, ഒരു ശതമാനം നികുതി ഇളവു നൽകുന്നതായിരിക്കും. പല ഘട്ടങ്ങളിലായി പണിതു തീർക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ, പണിതു തീർത്ത് ഉപയോഗയുക്തമാക്കപ്പെട്ട ഭാഗങ്ങളിൻമേൽ ആദ്യപടിയായി നികുതി ചുമത്തപ്പെടുന്നതും പിന്നീട് അതു പടിപടിയായി പുതുക്കപ്പെടുന്നതുമാണ്. ഈ ഇനത്തിൽ നിന്നുള്ള വാർഷികവരവ് 25 ലക്ഷം രൂപയായിരിക്കുമെന്നു കരുതുന്നു.

## വസ്തുക്കളിൻമേലും കെട്ടിടങ്ങളിൻമേലുമുള്ള സെസ്സ്

വസ്തുക്കളുടെയും കെട്ടിടങ്ങളുടേയും വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു സെസ്സ് ഏർപ്പെടുത്തുന്ന കാര്യം കഴിഞ്ഞ ബഡ്ജറ്റിൽ പ്രസ്താവിക്കപ്പെട്ടുവെങ്കിലും അതു പ്രാവർത്തികമാക്കാൻ സാധിച്ചില്ല. ഈ നിർദ്ദേശം നടപ്പാക്കുന്നതിനുള്ള നടപടികളും തുടരാൻ ഉദ്ദേശിക്കുന്നു. അതനുസരിച്ച് കെട്ടിടങ്ങളുടേയും വസ്തുക്കളുടേയും വാർഷിക വാടകമൂല്യത്തിന്റെ രണ്ടരശതമാനം സെസ്സ് ആയി ഈടാക്കുന്നതാണ്. ഈ നികുതി ഗവൺമെൻറു നേരിട്ടുതന്നെ പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ നിന്നു പ്രതീക്ഷിക്കുന്ന അധികവരവ് 50 ലക്ഷം രൂപയാണ്.

## വിൽപ്പന നികുതി

(എ) നിരക്കുകളും പുതുക്കലും:

നികുതി അന്വേഷണക്കമ്മിറ്റിയുടെ ശുപാർശകളും സസൂക്ഷ്മം പരിശോധിച്ചശേഷം വിൽപ്പന നികുതിയുടെ ഘടനയിൽ താഴെപ്പറയുന്ന വ്യത്യാസങ്ങളും വരുത്തുവാനുദ്ദേശിക്കുന്നു:

(1) താഴെ വിവരിച്ചിട്ടുള്ള സാധനങ്ങളുടെ മേലുള്ള വിൽപന നികുതി നിരക്ക് 12 ശതമാനത്തിൽനിന്ന് 15 ശതമാനമാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എ) റഫ്റിജറേറേറ്റർ, എയർ കണ്ടീഷനിങ്ങ് പ്ലാൻറും അവയുടെ ഘടക ഭാഗങ്ങളും;

(ബി) ഗ്രാമഫോണുകളും അവയുടെ ഘടകഭാഗങ്ങളും റിക്കാർഡുകളും;

(സി) വയർലെസ് റിസപ്ഷൻ സെറ്റുകൾ, മറ്റു സാമഗ്രികൾ, 150 രൂപയിൽ കൂടാത്ത വിലയുള്ള ട്രാൻസിസ്റ്ററുകൾ ഒഴിച്ചുള്ള റേഡിയോസെറ്റുകൾ, റേഡിയോ ഗ്രാമഫോണുകൾ, ഇലക്ട്രിക്കൽ വാൽവുകൾ, അക്യുമുലേറ്ററുകൾ, ആംപ്ലിഫയറുകളും ഉച്ചഭാഷിണികളും അവയുടെ സ്പെയർ പാർട്ടുകളും ഘടക വസ്തുക്കളും;

(ഡി) ഉച്ചഭാഷണികളും ടെലിഫോണുകൾ ഉൾപ്പെടെയുള്ള സൗണ്ട് ട്രാൻസ്മിറിംഗ് ഉപകരണങ്ങളും അവയുടെ സ്പെയർപാർട്ടുകളും.

(ഇ) ക്യാമറകൾ, പ്രൊജക്ടറുകൾ, സൗണ്ട് റിക്കാറിക്കാർഡ് ചെയ്യുവാനും റീപ്രൊഡ്യൂസ് ചെയ്യുവാനുമുള്ള ഉപകരണങ്ങൾ, ലെൻസുകൾ, ഫിലിം ഇവയുൾപ്പെടെയുള്ള സിനിമറേറാഗ്രാഫിക് യന്ത്രസാമഗ്രികളും അവയുടെ ഘടക വസ്തുക്കളും.

(എഫ്) ഫോട്ടോ ഗ്രാഫിക് ക്യാമറകൾ, മറ്റു ക്യാമറകളും, എൻലാർജേഴ്സും, ലെൻസുകൾ, ഫിലിം, പ്ലേറുകൾ, കടലാസ്, തുണി ഉൾപ്പെടെയുള്ള മറ്റു ഭാഗങ്ങളും ഘടകസാധനങ്ങളും.

(ജ) ബൈനോക്കുലർ, ടെലസ്കോപ്പ് ഓപ്പറാഗ്ളാസ്.

(ഹ്) റൈഫിൾ, റിവോൾവർ, പിസ്റ്റൾ തുടങ്ങിയുള്ള എല്ലാ വെടിക്കോപ്പുപകരണങ്ങളും അവയ്ക്കുള്ള വെടിമരുന്നും.

(ഐ) സിഗററ് കേസുകളും, ലൈറ്ററുകളും.

(ജെ) ഡിക്റ്റാഫോണുകളും ശബ്ദം റിക്കാർഡ് ചെയ്യുന്നതിനുള്ള മറ്റുപകരണങ്ങളും അവയുടെ സ്പെയർപാർട്ടും.

(2) മൊസേക്ക് ഓടുകൾക്കും മാർബിൾ കഷണങ്ങൾക്കുമുള്ള നികുതിനിരക്ക് 7 ശതമാനത്തിൽനിന്ന് 15 ശതമാനമാക്കുന്നതാണ്.

(3) വെള്ളികൊണ്ടും, സ്വർണ്ണം കൊണ്ടും നിർമ്മിച്ചിട്ടുള്ള ആഭരണങ്ങളുടെ മേലുള്ള നികുതി ഏകമുഖത്തിൽനിന്നു ബഹുമുഖമായി ഉയർത്തുവാൻ ഉദ്ദേശിക്കുന്നു. ഇവയ്ക്ക് ആദ്യവിൽപ്പന നടത്തുന്ന പോയിൻറിൽ 15 ശതമാനം നികുതി ഈടാക്കുന്നതാണ്.

(4) വിവിധവർണ്ണങ്ങളിലുള്ള തീപ്പെട്ടിമരത്താപ്പ് ഉൾപ്പെടെയുള്ള വെടിക്കെട്ടു സാധനങ്ങൾ, ഫോം റബ്ബർഷീറ്റ്, കുഷ്യൻ, തലയണ, ഫോം റബ്ബർ കൊണ്ടുണ്ടാക്കിയിട്ടുള്ള മറ്റു സാധനങ്ങൾ ഇവയുടെ വിൽപ്പനനികുതിനിരക്ക് 7 ശതമാനത്തിൽനിന്ന് 12 ശതമാനമാക്കുന്നതാണ്.

(5) സോപ്പിനുള്ള നിരക്ക് 5 ശതമാന (ഏകമുഖം) ത്തിൽ നിന്നും 8 ശതമാന (ബഹുമുഖ) മാക്കുന്നതാണ്.

(6) മോട്ടോർ വാഹനങ്ങൾ, അവയുടെ ഷേയ്സിസുകൾ, ടെയിലറുകൾ മോട്ടോർ ഷേസിസ്സുകളിൻമേൽ നിർമ്മിച്ച മറ്റു മോട്ടോർ വാഹനങ്ങൾ, മോട്ടോർ ടയറുകൾ, ട്യൂബുകൾ, ബാറ്ററികൾ, മോട്ടോർ വാഹനങ്ങളുടെ മറ്റു സ്പെയർ പാർട്ടുകളും ഘടകസാമഗ്രികളും; മോട്ടോർസൈക്കിളുകൾ, സൈക്കിൾ കോമ്പിനേഷൻസ് മോട്ടോർ സ്കൂട്ടറുകൾ, മോട്ടോർറൈറുകൾ, ടയറുകൾ, ട്യൂബുകൾ മോട്ടോർ സൈക്കിളുകളുടേയും, സ്കൂട്ടറുകളുടെയും മറ്റും ഘടകസാധനങ്ങളും സ്പെയർപാർട്ടുകളും എന്നീ സാധനങ്ങളുടെ വിൽപ്പന നികുതി 12 ശതമാനത്തിൽ നിന്ന് 13 ശതമാനമാക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(7) ഐസിന് വിൽപ്പനനികുതി ആദ്യവിൽപ്പന പോയിൻറിൽ മാത്രം 7 ശതമാനം ഈടാക്കും.

ഈ വ്യത്യാസങ്ങൾ മൂലമുള്ള അധികവരവ് 45 ലക്ഷമായിരിക്കുമെന്നു കണക്കാക്കുന്നു.

(ബി) നികുതിവെട്ടിപ്പ് തടയൽ

സംസ്ഥാനാന്തര വ്യാപാരത്തിന്റെ ഭാഗമായ ക്രയവിക്രയങ്ങളുടെ കൂട്ടത്തിൽപ്പെടാത്തതും, സംസ്ഥാനത്തിനകത്ത് നേരിട്ടു വിറ്റഴിക്കപ്പെടാത്തതും എന്നാൽ വ്യാപാരികൾ സ്വന്തമായി മറ്റു സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി നിയോഗിക്കുന്നതുമായ ചില സാധനങ്ങളുടെ മേൽ അവയുടെ വിൽപ്പന പോയിൻറിലോ, വാങ്ങുന്ന പോയിൻറിലോ യാതൊരു വിധനികുതിയും ഇപ്പോൾ ചുമത്തപ്പെടുന്നില്ല. ഇത്തരത്തിലുള്ള സാധനങ്ങളുടെമേലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി അവ വാങ്ങുന്ന പോയിൻറിൽ നികുതി ഈടാക്കാൻ ഉദ്ദേശിക്കുന്നു. ചില നിയമതടസ്സങ്ങൾ മൂലം ഇപ്പോൾ നികുതി ചുമത്താൻ നിവൃത്തിയില്ലാത്തതായ പല ഇടപാടുകളും ഈ നടപടിമൂലം നികുതി നിയമത്തിനു വിധേയമായിത്തീരുന്നു. ഇതുകൊണ്ടു ലഭിക്കുന്ന അധികവരവ് ഏതാണ്ട് 20 ലക്ഷം രൂപയായിരിക്കും.

രജിസ്ട്രേഷൻ ഫീസ്

നികുതി അന്വേഷണക്കമ്മിറ്റി ശുപാർശ ചെയ്തതുപോലെ ഒന്നും നാലും ബുക്കുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രമാണങ്ങളുടെ ഫീസ് പൊതുവിൽ ആധാരവിലയുടെ ഒരു ശതമാനമായി നിജപ്പെടുത്തുന്നതാണ്. കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ചില തരത്തിലുള്ള പ്രമാണങ്ങൾക്ക് ഇപ്പോൾ നൽകിവരുന്ന രജിസ്ട്രേഷൻ ഫീസിളവ് പിൻവലിക്കുന്നതുമാണ്.

മറ്റു കാര്യങ്ങൾക്കായുള്ള ഫീസുകളും താഴെപ്പറയുന്നമാതിരി വ്യത്യാസപ്പെടുത്തുന്നതാണ്:

| | നിലവിലുള്ളത് രൂപ | നിർദ്ദേശിച്ചിരിക്കുന്നത് രൂപ |
|---|---|---|
| ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ടിന്റെ സെക്ഷൻ 64, 65, 66, 67, ഇവപ്രകാരം മെമ്മോറാണ്ടത്തിന്റെ കോപ്പിക്കുള്ള ഫീസ് | 1.50 | 2.50 |
| സെർച്ച് തുടർന്നുകൊണ്ടിരിക്കുന്ന ബുക്കിൽ മറ്റു കൊല്ലത്തേക്കുള്ള സെർച്ച് നടത്തുന്നതിനുള്ള ഫീസ് | 1.50 | 2.00 |
| പവർ ഓഫ് അറേറാർണി റിവോക്കു ചെയ്യുന്നതിനുള്ള ഫീസ് | 1.00 | 2.50 |
| പവർ ഓഫ് അറേറാർണിയുടെ തർജ്ജിമ ഫയൽ ചെയ്യുക, സ്പെഷ്യൽ പവർ ഓഫ് അറേറാർണി ഫയൽ ചെയ്യുക, രസീതു കിട്ടിയ ആളിന്റെ കൈവശം പ്രമാണം മടക്കിക്കൊടുക്കുന്നതിനെ എതിർക്കുന്ന അപേക്ഷ മുതലായവയ്ക്കുള്ള ഫീസ് | 0.50 | 1.50 |
| പ്രമാണത്തിലെ കക്ഷികൾക്കു വേണ്ടി, പ്രമാണം തീർപ്പുവരുത്താതെ നീട്ടിവയ്ക്കുക പ്രമാണം രജിസ്റ്റർചെയ്യാൻ കൂട്ടാക്കാതിരിക്കുക മുതലായവയ്ക്കുള്ള ഫീസ് | 0.50 | 2.50 |

LIBRARY ARCHIVES Kerala Legislative Assembly